# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

30.06.2014-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 453

## അനധികൃത സാമ്പത്തിക സ്ഥാപനങ്ങൾക്കെതിരെ നടപടി

**ചോദ്യം**

ശ്രീ.എം.എ.ബേബി
ശ്രീ.എളമരം കരീം
ശ്രീ.കെ.സുരേഷ് കുറുപ്പ്
ശ്രീ.വി.ചെന്താമരാക്ഷൻ

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) അനധികൃത സാമ്പത്തിക സ്ഥാപനങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും പര്യാപ്തമാണോ; ഇത്തരം സ്ഥാപനങ്ങൾ തഴച്ചുവളരുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ സ്ഥിരമായി ഏർപ്പെട്ട ഏതെങ്കിലും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ ഈ സർക്കാർ 'കാപ്പ' ആക്ട് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി 2009- ൽ ഡി.ജി.പി. നൽകിയ നിർദ്ദേശങ്ങൾ എന്തായിരുന്നു;

(എ) അനധികൃത സാമ്പത്തിക സ്ഥാപനങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും പര്യാപ്തമാണ്. ഇത്തരം സ്ഥാപനങ്ങൾ തഴച്ചുവളരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം സിറ്റി ജില്ലയിൽ അനധികൃത സാമ്പത്തിക ഇടപാടുകൾ നടത്തിയ രണ്ടുപേർക്കെതിരെ 'കാപ്പ' നിയമ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃത സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കുമെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കണമെന്നും, ഇത്തരം കുറ്റകൃത്യങ്ങളിൽ സ്ഥിരമായി ഏർപ്പെടുന്ന വ്യക്തികളെയും, സ്ഥാപനങ്ങളെയും 'കാപ്പ' ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നുമുള്ള നിർദ്ദേശങ്ങളാണ് 2009 ലെ സർക്കുലർ നമ്പർ 52/09 പ്രകാരം സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത്.

| | | | |
|---|---|---|---|
| (സി) | ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും 1958-ലെ കേരള മണി ലെൻഡേഴ്സ് ആക്ടിലെയും പ്രൈസ് ചിറ്റ്സ് ആന്റ് മണി സർക്കുലേഷൻ(ബാനിംഗ്) ആക്ടിലെയും ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) ആക്ട് 1954-ലെയും ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം ഈ സർക്കാർ കേസ്സെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും വിവിധ ആക്ടുകൾ പ്രകാരവും ഈ സർക്കാരിന്റെ കാലത്ത് 3507 കേസുകൾ എടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കേസുകളുടെ എണ്ണം **അനുബന്ധം** ആയി ചേർക്കുന്നു. |
| (ഡി) | രഹസ്യനിരീക്ഷണങ്ങളിലൂടെയും റെയ്ഡുകളിലൂടെയും മറ്റ് പരിശോധനകളിലൂടെയും അനധികൃത സ്ഥാപനങ്ങളെ കണ്ടെത്തുകയുണ്ടായോ? | (ഡി) | രഹസ്യനിരീക്ഷണങ്ങളിലൂടെയും റെയ്ഡുകളിലൂടെയും മറ്റ് പരിശോധനകളിലൂടെയും ഈ സർക്കാരിന്റെ കാലത്ത് 90 അനധികൃത സ്ഥാപനങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം സിറ്റി | 233 |
| തിരുവനന്തപുരം റൂറൽ | 166 |
| കൊല്ലം സിറ്റി | 220 |
| കൊല്ലം റൂറൽ | 223 |
| പത്തനംതിട്ട | 91 |
| ആലപ്പുഴ | 141 |
| കോട്ടയം | 259 |
| ഇടുക്കി | 116 |
| എറണാകുളം സിറ്റി | 253 |
| എറണാകുളം റൂറൽ | 334 |
| തൃശ്ശൂർ സിറ്റി | 315 |
| തൃശ്ശൂർ റൂറൽ | 258 |
| പാലക്കാട് | 323 |
| മലപ്പുറം | 119 |
| കോഴിക്കോട് സിറ്റി | 48 |
| കോഴിക്കോട് റൂറൽ | 183 |
| വയനാട് | 30 |
| കണ്ണൂർ | 105 |
| കാസർഗോഡ് | 86 |
| ക്രൈംസ് (നേരിട്ടെടുത്ത കേസുകൾ) | 4 |
| ആകെ | 3507 |

[signature]

സെക്ഷൻ ഓഫീസർ